**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 382** **02-07-2024 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ ആസ്തികളായി കണക്കാക്കിയിട്ടുള്ള ജലാശയങ്ങൾ, തോടുകൾ, പുഴകൾ, മറ്റ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവയുടെ നീളവും വീതിയും ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ജലവിഭവ വകുപ്പിന്റെ ആസ്തികളായി കണക്കാക്കിയിട്ടുള്ള ജലാശയങ്ങൾ, തോടുകൾ, പുഴകൾ, മറ്റ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവയുടെ നീളവും വീതിയും ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.<br><br>എന്നാൽ സംസ്ഥാനത്തെ വിവിധ നദീ തടങ്ങളുടെ നീർത്തടാടിസ്ഥാനത്തിലുള്ള ജലാശയങ്ങളുടെയും തോടുകളുടെയും പുഴകളുടെയും നിലവിലുള്ള വിവരങ്ങൾ 2018 -ൽ ജലസേചന വകുപ്പ് തയ്യാറാക്കിയ ഹരിതകേരള മാസ്റ്റർ പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ജലസേചന വകുപ്പിന്റെ വിവിധ കാര്യാലയങ്ങളുടെ അധീനതയിലുള്ള ഡാമുകൾ, റിസർവോയറുകൾ എൽ.ഐ പദ്ധതികൾ, കനാലുകൾ, ചെക്ക് ഡാമുകൾ, റോഡുകൾ, വസ്തുക്കൾ, കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.<br><br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള അരുവിക്കര ഡാം റിസർവ്വോയറിന്റെ സർവേ നടത്തി ലഭ്യമായ ഭൂരേഖകൾ പ്രകാരം അതിരടയാള കല്ലുകൾ സ്ഥാപിച്ച്, കയ്യേറ്റമെന്ന് സംശയിക്കുന്നവ മാർക്ക് ചെയ്ത് തുടർ നടപടികൾക്കായി തിരുവനന്തപുരം, നെടുമങ്ങാട് തഹസിൽദാർമാർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂരേഖാ വകുപ്പിന്റെ ഈ വിഷയത്തിലെ തുടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആയവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ സാധിക്കുന്നതാണ്.<br><br>റവന്യൂ വകുപ്പ് മുഖാന്തിരം അതിർത്തികൾ വേർതിരിക്കുന്നത് കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിന് ഒരു പരിധി വരെ സഹായകമാകും. |

| | | | |
|---|---|---|---|
| | | | ജലസ്രോതസ്സുകൾ ഒരു കാര്യാലയത്തിന്റെ മാത്രം അധീനതയിൽ വരുന്നതല്ലാത്തതുകൊണ്ട് ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത് പ്രായോഗികമല്ല. |
| (ബി) | ഇല്ലെങ്കിൽ അതിർത്തികൾ വേർതിരിക്കാത്തത് കയ്യേറ്റങ്ങൾ വർദ്ധിക്കുന്നതിനും ആയത് ഒഴിപ്പിച്ചെടുക്കുന്നതിന് തടസ്സമാകുന്നുവെന്നതും കണക്കിലെടുത്ത് ഒരു ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ജലവിഭവ വകുപ്പിന്റെ ആസ്തികളായി കണക്കാക്കിയിട്ടുള്ള ജലാശയങ്ങൾ, തോടുകൾ, പുഴകൾ, മറ്റു ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവയുടെ നീളവും വീതിയും ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.<br><br>എന്നാൽ സംസ്ഥാനത്തെ വിവിധ നദീ തടങ്ങളുടെ നീർത്തടാടിസ്ഥാനത്തിലുള്ള ജലാശയങ്ങളുടെയും തോടുകളുടെയും പുഴകളുടെയും നിലവിലുള്ള വിവരങ്ങൾ 2018 -ൽ ജലസേചന വകുപ്പ് തയ്യാറാക്കിയ ഹരിതകേരള മാസ്റ്റർ പ്ലാനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ജലസേചന വകുപ്പിന്റെ വിവിധ കാര്യാലയങ്ങളുടെ അധീനതയിലുള്ള ഡാമുകൾ, റിസർവോയറുകൾ എൽ.ഐ പദ്ധതികൾ, കനാലുകൾ, ചെക്ക് ഡാമുകൾ, റോഡുകൾ, വസ്തുക്കൾ, കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.<br><br>കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള അരുവിക്കര ഡാം റിസർവ്വോയറിന്റെ സർവേ നടത്തി ലഭ്യമായ ഭൂരേഖകൾ പ്രകാരം അതിരടയാള കല്ലുകൾ സ്ഥാപിച്ച്, കയ്യേറ്റമെന്ന് സംശയിക്കുന്നവ മാർക്ക് ചെയ്ത് തുടർ നടപടികൾക്കായി തിരുവനന്തപുരം, നെടുമങ്ങാട് തഹസിൽദാർമാർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂരേഖാ വകുപ്പിന്റെ ഈ വിഷയത്തിലെ തുടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആയവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ സാധിക്കുന്നതാണ്.<br><br>റവന്യൂ വകുപ്പ് മുഖാന്തിരം അതിർത്തികൾ വേർതിരിക്കുന്നത് കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിന് ഒരു പരിധി വരെ സഹായകമാകും. ജലസ്രോതസ്സുകൾ ഒരു കാര്യാലയത്തിന്റെ മാത്രം അധീനതയിൽ വരുന്നതല്ലാത്തതുകൊണ്ട് ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ